# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 ഒക്ടോബർ 19**

---

## ദാരിദ്ര്യ ലഘൂകണത്തിൽ കേളത്തിന്റെ പ്രവർത്തനങ്ങൾ രാജ്യാന്തര ശ്രദ്ധ നേടി-പ്രഫ. ഹിതദേക്കി ഇഷോ

ദാരിദ്ര്യം ലഘൂകരണത്തിനും സമത്വം ഉറപ്പാക്കുന്നതിനും കേരളം നടത്തിയ ഫലപ്രദമായ പ്രവർത്തനങ്ങൾ രാജ്യാന്തര തലത്തിൽ ശ്രദ്ധനേടിയതായി ടോക്കിയോ ഹോസി സർവകലാശാലയിലെ പ്രഫ. ഹിതദേക്കി ഇഷോ പറഞ്ഞു. മഹാത്മാ ഗാന്ധി സർവകലാശാലയിലെ കെ.എൻ. രാജ് സ്കൂൾ ഓഫ് ഇക്കണോമിക്സിൽ സംഘടിപ്പിച്ച ഔട്ട് റീച്ച് പ്രോഗ്രാമിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

പ്രതിശീർഷ വരുമാനം താരതമ്യേന കുറവയായിരുന്നിട്ടും ഉർന്ന സാക്ഷരതാ നിരക്കും കുറഞ്ഞ മരണനിരക്കും സാമൂഹ്യ വികസനത്തിന്റെ പാതയിൽ മുന്നേറാൻ സംസ്ഥാനത്തെ സഹായിച്ചു. സർക്കാരിന്റെയും പൊതു സംഘടനകളുടെയും ക്രിയാത്മക ഇടപെടലുകൾ ഇതിൽ നിർണായക പങ്കുവഹിച്ചു. വിദ്യാഭ്യാസ മേഖലയിലെ പുരോഗതി സാമ്പത്തിക വളരച്ചയ്ക്ക് സഹായകമായെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

കെ.എൻ. രാജ് സ്കൂൾ ഓഫ് ഇക്കണോമിക്സ് ഡയറക്ടർ ഡോ. ജോണി ജോൺസൺ അധ്യക്ഷത വഹിച്ചു.

ചർച്ചയിൽ ഡോ. മാത്യു കുര്യൻ, ഡോ. ടോമി ജോസഫ്, ഡോ. ജോസ് ജെ. നടുത്തൊട്ടി, ഡോ. എസ് മുരളീധരൻ, ഡോ. ലീന, ഡോ. ജേക്കബ് ജോൺ, ഫസീല ഇസ്മായിൽ, ടീന മരിയ സാജു, റീഹന്ത് റാമദാനി തുടങ്ങിയവർ പങ്കെടുത്തു.

ഗ്ലോബലിക്സ്, സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ , കേരള ഇക്കണോമിക്സ് അസോസിയേഷൻ എന്നിവയുടെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്.

(പി.ആർ.ഒ/39/1252/2023)

## അസിസ്റ്റൻറ് പ്രോഗ്രാം കോർഡിനേറ്റർ; വാക്ക് ഇൻ ഇൻറർവ്യൂ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സെൻറർ ഫോർ ഓൺലൈൻ എജ്യുക്കേഷനിൽ ഓൺലൈൻ എം.ബി.എ പ്രോഗ്രാമിന് അസിസ്റ്റൻറ് പ്രോഗ്രാം കോർഡിനേറ്റർ(എം.ബി.എ-ഓൺലൈൻ) തസ്തികയിൽ താത്ക്കാലിക നിയമനത്തിനുള്ള വാക്ക്-ഇൻ ഇൻറർവ്യു ഒക്ടോബർ 27 ന് 3ന് വൈസ് ചാൻസലറുടെ ചേംബറിൽ നടക്കും.

പട്ടിക ജാതി സംവരണ വിഭാഗത്തിലെ ഒരൊഴിവിലേക്ക് ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിലാണ് നിയമനം. പ്രവർത്തന മികവിൻറെ അടിസ്ഥാനത്തിൽ മൂന്നു വർഷം വരെ ദീർഘിപ്പിച്ചു നൽകാൻ സാധ്യതയുണ്ട്.

കുറഞ്ഞത് 50 ശതമാനം മാർക്കോടെ എം.ബി.എ, യു.ജി.സി,നെറ്റ് വിജയം അല്ലെങ്കിൽ പി.എച്ച്.ഡി ആണ് അടിസ്ഥാന യോഗ്യത. ഓൺലൈൻ ട്രെയിനിംഗ്, കണ്ടെൻറ് ക്രിയേഷൻ, ലേണിംഗ് മാനേജ്മെൻറ് സിസ്റ്റം, ഐ.സി.ടി എനേബിൾഡ് ടീച്ചിംഗ് ആൻറ് ലേണിംഗ് എന്നിവയിലുള്ള പ്രവൃത്തിപരിചയം അഭികാമ്യം.

പ്രതിമാസ വേതനം സഞ്ചിത നിരക്കിൽ 47000 രൂപ. പ്രായം 2023 ജനുവരി ഒന്നിന് 45 വയസ്സ് കവിയരുത്.

താല്പര്യമുള്ളവർ വിജ്ഞാപനത്തോടൊപ്പമുള്ള അപേക്ഷാ ഫോം പൂരിപ്പിച്ച് പ്രായം, വിദ്യഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, അധിക യോഗ്യത, ജാതി എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും പകർപ്പികളും സഹിതം 27ന് ഉച്ചയ്ക്ക് 2.15ന് സർവകലാശാല അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലുള്ള എഡി.എ 7 സെക്ഷനിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1253/2023)

## സൗജന്യ ജോബ് ഡ്രൈവ് നടത്തി

മഹാത്മാ ഗാന്ധി സർവകലാശാലയിലെ എംപ്ലോയ്മെൻറ് ഇൻഫർമേഷൻ ആൻറ് ഗൈഡൻസ് ബ്യൂറോയും കോട്ടയം മോഡൽ കരിയർ സെൻററും സംയുക്തമായി സൗജന്യ ജോബ് ഡ്രൈവ് സംഘടിപ്പിച്ചു.

നാല് ഉദ്യോഗദായകരും ഇരുന്നൂറോളം ഉദ്യോഗാർഥികളും പങ്കെടുത്ത പരിപാടിയിൽ 73 ഉദ്യോഗാർഥികളെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുത്തി.

എംപ്ലോയ്മെൻറ് ഗൈഡൻസ് ബ്യൂറോ മേധാവി ഡോ. രാജേഷ് മണി, ഉപമേധാവി ജി. വിജയകുമാർ, റോണി കൃഷ്ണൻ, പി.യു. അഭിലാഷ്, കെ.എ.റിയാസ് എന്നിവർ നേതൃത്വം നൽകി

(പി.ആർ.ഒ/39/1254/2023)

## സ്പോട്ട് അഡ്മിഷൻ

സ്കൂൾ ഓഫ് നാനോ സയൻസ് ആൻറ് നാനോ ടെക്നോളജിയിൽ എം.ടെക് നോനോ സയൻസ് ആൻറ് ടെക്നോളജി(ജനറൽ മെറിറ്റ്-6), എം.എസ്.സി കെമിസ്ട്രി(ജനറൽ മെറിറ്റ്-3), എം.എസ്.സി ഫിസിക്സ്(ജനറൽ മെറിറ്റ്-4), എം.എസ്.സി ഫിസിക്സ്(കണ്ണൂർ സർവകലാശാലയുമായി ചേർന്നുള്ള ജോയിൻറ് പ്രോഗ്രാം - ജനറൽ മെറിറ്റ്-4) പ്രോഗ്രാമുകളിൽ സീറ്റുകൾ ഒഴിവുണ്ട്.

യോഗ്യരായ വിദ്യാർഥികൾ അസ്സൽ രേഖകളുമായി ഒക്ടോബർ 25ന് 11.30ന് മുൻപ് കൺവർജൻസ് അക്കാദമിയ കോംപ്ലക്സിലെ വകുപ്പ് ഓഫീസിൽ(റൂം നമ്പർ 302) നേരിട്ട് എത്തണം. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ (www.mgu.ac.in). ഫോൺ: 9447709276, 9447712540

(പി.ആർ.ഒ/39/1255/2023)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്(പുതിയ സ്കീം - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017 മുതൽ 2021 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്), മൂന്നാം സെമസ്റ്റർ സി.ബി.സി.എസ് ബി.എസ്.സി സൈബർ ഫോറൻസിക്(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019,2020,2021 അഡ്മിഷൻ റീഅപ്പിയറൻസ്) പരീക്ഷകൾക്ക് ഒക്ടോബർ 27 വരെ ഫീസ് അടച്ച് അപേക്ഷ നൽകാം.

ഒക്ടോബർ 30ന് പിഴയോടു കൂടിയും ഒക്ടോബർ 31ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1256/2023)

## അപേക്ഷാ സമയപരിധി നീട്ടി

അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്(പുതിയ സ്കീം - 2021 അഡ്മിഷൻ റഗുലർ, 2017,2018,2019,2020 അഡ്മിഷനുകൾ റീഅപ്പിയറൻസ്), അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ് ബി.എസ്.സി സൈബർ ഫോറൻസിക്(2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷൻ റീഅപ്പിയറൻസ്) പരീക്ഷകൾക്ക് അപേക്ഷിക്കാനുള്ള സമയപരിധി നീട്ടി.

ഒക്ടോബർ 27 വരെ ഫീസ് അടച്ച് അപേക്ഷ നൽകാം. ഒക്ടോബർ 30ന് പിഴയോടു കൂടിയും ഒക്ടോബർ 31ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സമർപ്പിക്കാം.

(പി.ആർ.ഒ/39/1257/2023)

## പരീക്ഷാ കേന്ദ്രം

ഒന്നു മുതൽ നാലു വരെ വർഷ ബി.എസ്.സി നേഴ്സിംഗ്(2016 അഡ്മിഷൻ സപ്ലിമെൻററി - ജൂലൈ 2023) പരീക്ഷകൾ ഒക്ടോബർ 25 മുതൽ എസ്.എം.ഇ ഗാന്ധി നഗർ സെൻററിൽ നടക്കും. വിദ്യാർഥികൾ ഈ കേന്ദ്രത്തിൽനിന്നും ഹാൾ ടിക്കറ്റുകൾ വാങ്ങണം.

(പി.ആർ.ഒ/39/1258/2023)

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ ഇൻറഗ്രേറ്റഡ് എം.എസ്.സി ഇൻ ബേസിക് സയൻസ് - കെമിസ്ട്രി മെയിൻ(പുതിയ സ്കീം - 2021,2022 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറും സപ്ലിമെൻററിയും - ഓഗസ്റ്റ് 2023) പരീക്ഷയുടെ കോംപ്ലിമെൻററി ഫിസിക്സ് പ്രാക്ടിക്കൽ പരീക്ഷ ഒക്ടോബർ 26 മുതൽ വിവിധ കോളജുകളിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1259/2023)

## പരീക്ഷാ ഫലം

നാലാം സെമസ്റ്റർ എം.എസ്.സി ക്ലിനിക്കൽ ന്യൂട്രീഷൻ ആൻഡ് ഡയറ്ററ്റിക ്സ്(പി.ജി.സി.എസ്.എസ് - 2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷൻ സപ്ലിമെൻററി-ജൂൺ 2023) പരീക്ഷയുടെ ഫലം പ്രസദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് നവംബർ ഒന്നു വരെ ഓൺലൈനിൽ സമർപ്പിക്കാം.

.........................

മൂന്നും നാലും സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ സി.ബി.സി.എസ്.എസ് ബി.എ(20142016 അഡ്മിഷൻ സപ്ലിമെൻററി, 2012,2013 അഡ്മിഷൻ മെഴ്സി ചാൻസ് - ഫെബ്രുവരി 2023) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് നവംബർ ഒന്നു വരെ നേരിട്ട് സമർപ്പിക്കാം.

(പി.ആർ.ഒ/39/1260/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**